
www.malankaralibrary.com

Vol. 12 No. 3 October 2022

# സാത്തോം
## ഫെലോഷിപ്പ്



പ്രേഷിത സഹകാരികൾക്കുള്ള പ്രസിദ്ധീകരണം

www.malankaralibrary.com

# CONTENTS

VOL. 12, NO. 3, OCTOBER 2022

Patron:
**Very Rev. Fr Antony Perumanoor**

Managing Editor:
**Rev. Fr Peter Kavumpuram**

Chief Editor:
**Fr. Joseph Pulavelil**

Editorial board:
**Fr Justine Vettukallel**
**Fr James Kurikilamkatt**
**Sr Jyothi Kodikulam SABS**
**Tom Jose Naduvilekunnel**
**Dr. Issac Olickal**

Design & Layout:
**Jibin Mathew**

Direct all correspondence to:
Editor
Santhome Fellowship
Deepti Bhavan
Melampara-686578
Kottayam, Kerala, India

Tel. +91 4822-236353
Mob. +91 8547731900

E-mail:
mstassociates@gmail.com
Web: www.mstworld.org/santhome-fellowship

Santhome Fellowship is a missionary periodical of the Missionary Society of St Thomas Apostle(MST) for all its friends and collaborators
(Private circulation only)

04 **ലോകപ്രേഷിത ദിന സന്ദേശം**
ഫ്രാൻസിസ് പാപ്പാ

05 **സന്ദേശം**
മാർ ജോർജ്ജ് ആലഞ്ചേരി

06 **ജനറാളച്ചന്റെ സന്ദേശം**
ഫാ. ആന്റണി പെരുമാനൂർ

7 **പിതാവ് മക്കളോട്**
മാർ ജോർജ്ജ് ഞരളക്കാട്ട്

13 **പ്രേഷിത വഴിയിൽ**
സി. ഗ്രേസി മാത്യു എസ്. എച്ച്.

18 **എന്റെ മിഷൻ അനുഭവം**
ബ്രദർ കുഴിപ്പള്ളിൽ സെബാസ്റ്റ്യൻ
തയ്യാറാക്കിയത്: വേങ്ങത്തടം ജോസ്

24 **വഴിത്താര തീർക്കുന്നവർ**
ഫാ. ബിനീഷ് കുഴിയടിയിൽ എം.എസ്.റ്റി
തയ്യാറാക്കിയത്: ഫാ. ടോണി കിഴക്കേമുറിയിൽ എം. എസ്.റ്റി

www.malankaralibrary.com

# എഡിറ്റോറിയൽ

പ്രിയ സാന്തോം ഫെലോഷിപ്പ് അംഗങ്ങളെ,

മിഷന്റെ മധ്യസ്ഥനായ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാളിനോടുകൂടി ആരംഭിക്കുന്ന ഒക്ടോബർ മാസത്തിലെ അവസാനത്തെ ഞായറാഴ്ചയ്ക്ക് തൊട്ടുമുൻപുള്ള ഞായർ പൊതുവേ ആഗോള പ്രേക്ഷിത ദിനമായി കത്തോലിക്കാ സഭ ആചരിക്കുന്നു. 2022ലെ പ്രേഷിത ദിനത്തിലെ വിഷയം: "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജെറുസലേമിലും യൂദയാ മുഴുവനിലും സമരിയായിയും നിങ്ങൾ എനിക്ക് സാക്ഷികൾ ആയിരിക്കും" (അപ്പ. 1:8) എന്നതാണ്. സഭ സ്വഭാവത്താലെ പ്രേഷിത ആണെന്ന് ഇത് സൂചിപ്പിക്കുന്നു.

ഈ ദൈവവചനത്തിന് അടിസ്ഥാനത്തിൽ ഓരോ ക്രിസ്തു ശിഷ്യന്റേയും ജീവിതത്തിലും ദൗത്യത്തിലും അടിസ്ഥാനമായി നിൽക്കുന്ന മൂന്ന് മുഖ്യ വാക്യങ്ങളെ കുറിച്ചാണ് മാർപാപ്പ തന്റെ കത്തിൽ എഴുതുന്നത്: (1) നിങ്ങൾ എന്റെ സാക്ഷികളായിരിക്കണം (2) ഭൂമിയുടെ അതിർത്തികൾ വരെ; പരിശുദ്ധാത്മാവിനെ ശക്തി നിങ്ങൾക്ക് ലഭിക്കും". ഒന്നാമത്തേത് ക്രിസ്തുവിന് സാക്ഷ്യം നൽകാനുള്ള ഓരോ ക്രിസ്ത്യാനിയുടെയും വിളിയാണ്, രണ്ടാമത്തേത് സാർവത്രിക സുവിശേഷവൽക്കരണ ദൗത്യത്തിന്റെ ശാശ്വത പ്രസക്തിയാണ്, മൂന്നാമത്തേത് നമുക്ക് എപ്പോഴും ആത്മാവിനാൽ ശക്തിപ്രാപിക്കുകയും നയിക്കപ്പെടുകയും ചെയ്യുക എന്നുള്ളതാണ്.

പ്രേഷിതനാകുവാനുള്ള നമ്മുടെ വിളി അത് വിളിക്കുള്ളിലെ വിളിയാണ്. മാമ്മോദീസ സ്വീകരിച്ച എല്ലാവരും ഈ "വിളിക്കുള്ളിലെ വിളി" സ്വീകരിച്ചവരാണ് പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവരാണ്. 'സാർവത്രിക സഭയെ നയിക്കുന്ന അതേ ആത്മാവ് തന്നെയാണ് സാധാരണ സ്ത്രീപുരുഷന്മാരെ അസാധാരണമായി ഇതിന് പ്രചോദിപ്പിക്കുന്നത്' എന്ന് ഫ്രാൻസിസ് മാർപാപ്പ തന്നെ മിഷൻ ഞായർ സന്ദേശത്തിൽ പറയുന്നു. മാർപാപ്പ തൻറെ സന്ദേശം അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്, വഴി നാം എന്തായി ഭവിച്ചോ അതെല്ലാവരും സഭയിൽ യഥാർത്ഥത്തിൽ ആയി തീർന്നെങ്കിൽ എന്ന് ഞാൻ ആശിക്കുന്നു; അതായത് ലോകത്തിന്റെ അതിർത്തികളോളം പരിശുദ്ധാത്മാവിന്റെ ശക്തി പ്രവാചകരും സാക്ഷികളും കർത്താവിൻറെ പ്രേഷിതരും'; നിങ്ങളെ അനുഗ്രഹിക്കട്ടെ.

**എന്ന് സ്വന്തം**
**ജോസഫ് പുലവേലിലച്ചൻ**

www.malankaralibrary.com



# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2022 ലോകപ്രേഷിത ദിനത്തിൽ നല്കുന്ന സന്ദേശം

## "നിങ്ങൾ എന്റെ സാക്ഷികളായിരിക്കും"

(അപ്പ. 1:8)

www.malankaralibrary.com




# മാർ ജോർജ്ജ് ആലഞ്ചേരി

"നിങ്ങൾ സഭയിൽ പ്രേഷിതരാണ്. എല്ലാ ക്രിസ്തുവിൽ വിശ്വസിക്കുന്ന സഹോദരീ സഹോദരന്മാരും പ്രേഷിതരാണ്. കർത്താവ് ശിഷ്യന്മാരെ തന്റെ സ്വർഗ്ഗാരോഹണത്തിനു തൊട്ടുമുമ്പായി പറഞ്ഞയക്കുന്ന ആ തിരുവചനങ്ങൾ ഇപ്രകാരമാണ് നിങ്ങൾ ലോകമെങ്ങും പോയി സകല ജനങ്ങളേയും ശിഷ്യപ്പെടുത്തുവിൻ. എല്ലാ ജനപദങ്ങളേയും ശിഷ്യപ്പെടുത്തുക എന്നതാണ് പ്രധാനപ്പെട്ട ദൗത്യം. ആരെല്ലാം കർത്താവിൽ വിശ്വസിച്ച് സഭയിൽ അംഗങ്ങളാകുന്നുവോ അവരെല്ലാവരും സഭയുടെ ശിഷ്യരും ശിഷ്യകളുമാണ്".

www.malankaralibrary.com



# ജനറാളച്ചന്റെ സന്ദേശം

ഒക്ടോബർ മാസത്തിൽ ആണല്ലോ തിരുസഭ ആഗോള മിഷൻ ഞായർ കൊണ്ടാടുന്നത് .ലോകമെങ്ങുമുള്ള മിഷണറിമാരെ ഓർത്ത് നമുക്കും പ്രാർത്ഥിക്കാം. അവരുടെ വിവിധ തരത്തിലുള്ള പ്രേക്ഷിത പ്രവർത്തനം വഴി ഈശോയുടെ സുവിശേഷം ലോകത്തിൻറെ അതിർത്തികൾ വരെ വ്യാപിക്കട്ടെ.

വഴിയും സത്യവും ജീവനും ആയ ഈശോയെ അനുഭവിച്ചറിഞ്ഞ നമുക്കും നാം ആയിരിക്കുന്ന സ്ഥലങ്ങളിൽ, സമൂഹങ്ങളിൽ, സാഹചര്യങ്ങളിൽ ഈശോയ്ക്ക് സാക്ഷ്യം വഹിക്കുന്ന നല്ല മിഷനറിമാർ ആയിത്തീരാം.


ഈശോയെ അറിയണമെങ്കിൽ നാം മൂന്ന് വാതിലുകൾ തുറക്കണം. ആദ്യത്തേത് പ്രാർത്ഥനയാണ്. പ്രാർത്ഥന ഇല്ലാതെയുള്ള പഠനം ഉപയോഗശൂന്യമാണ്. വലിയ ദൈവശാസ്ത്രജ്ഞന്മാർ മുട്ടിന്മേൽ നിന്നാണ് ദൈവശാസ്ത്രം രൂപപ്പെടുത്തുന്നത്. വചന പഠനം നമുക്ക് ചില അറിവുകൾ തരും. എന്നാൽ പ്രാർത്ഥനയുടെ കവാടം തുറക്കാതെ നാം യേശുവിലെത്തില്ല.

രണ്ടാമത്തെ വാതിൽ ആഘോഷമാണ്. പ്രാർത്ഥന തനിച്ച് ആയാലും നാം യേശുവിൻറെ അറിവിലെത്തുകയില്ല. ആഘോഷത്തിന്റെ ആനന്ദം കൂടെ വേണം. കൂദാശകളിൽ യേശുവിനെ ആഘോഷിക്കുന്നതിലുള്ള ആനന്ദം നാം കണ്ടെത്തണം. കൂദാശകളുടെ ആഘോഷം സഭയുടെതാണ് സഭയിൽ നാം ഈശോയെ കണ്ടെത്തണം.

മൂന്നാമത്തെ കവാടം യേശുവിനെ അനുകരിക്കലാണ്. യേശു ചെയ്തതും പറഞ്ഞതും എന്താണ് എന്നറിയാനാണ് നാം സുവിശേഷം വായിക്കുന്നത്. യേശുവിനെ അറിഞ്ഞെങ്കിൽ മാത്രമേ യേശുവിനെ പോലെ ജീവിക്കുവാനും, അനുകരിക്കാനും, അനുഗമിക്കുവാനും നമുക്ക് സാധിക്കുകയുള്ളു. അങ്ങനെ നമുക്ക് വഴിയും സത്യവും ജീവനും ആയ യേശുവിനെ നമ്മുടെ ജീവിതത്തിലൂടെ ലോകത്തെല്ലാ ജനതയ്ക്കും അനുഭവവേദ്യമാക്കി നൽകാം. ദൈവം സർവ്വവിധ നന്മകളും നൽകി നമ്മെ അനുഗ്രഹിക്കട്ടെ.

**ഫാ. ആന്റണി പെരുമാനൂർ**
**ഡയറക്ടർ ജനറൽ**

www.malankaralibrary.com



# പിതാവ് മക്കളോട്

## മാർ ജോർജ് ഞരളക്കാട്ട്

**ഒക്ടോബറിന്റെ ഓർമപ്പെടുത്തൽ**

ഒക്ടോബർ മാസം മനോഹരമായ സമയമാണ്. യൂറോപ്പിലൂടെ യാത്ര ചെയ്യുന്നവർക്ക് ഒക്ടോബർ മാസം ആകർഷീയണമാണ്. നമുക്ക് ഒക്ടോബർ മാസം മനോഹരമാണ്. ജപമാല രാജ്ഞിയായ പരി. അമ്മയ്ക്ക് പ്രതിഷ്ഠിക്കേണ്ട മാസം. വ്യക്തികളുടെ ജീവിതത്തിൽ മാത്രമല്ല കുടുംബങ്ങളിലും ആഘോഷമായ ജപമാല. കൂടാതെ ഭവനങ്ങളിൽ നിന്ന് ഭവനങ്ങളിലേക്കും ഭവനങ്ങളിൽ നിന്ന് ഇടവക ദൈവാലയങ്ങളിലേക്കും ജപമാല പ്രദിക്ഷണം നടത്താറുണ്ട്. എല്ലാ ഇടവകളിലും പത്തുദിവസങ്ങളിലെ ആഘോഷമായ ജപമാല ഭക്തിയുണ്ടാകും. ചില ഇടവകകളിൽ ആഘോഷമായ ജപമാല പ്രദിക്ഷണം നടത്താറുണ്ട്.

ചെറുപുഷ്പ മിഷൻ ലീഗ് ഒക്ടോബർ 1 മുതൽ 31 വരെയുള്ള ദിവസങ്ങളെ മിഷൻ മാസമായി ആചരിക്കാറുണ്ട്. എല്ലാ ഇടവകകളിലും മഞ്ഞക്കൊടികൾ ഉയർത്തിയിരിക്കുന്നത് കാണാം. ഒക്ടോബർ 3-ാം ഞായർ ലോകം മുഴുവൻ ആഘോഷമായി മിഷൻ ഞായറായി ആഘോഷിക്കുന്നു. ഇടവകയിലെ എല്ലാവരും ഇതിൽ പങ്കുകാരാകുന്നു. ആഘോഷമായ വി. കുർബ്ബാന, മിഷൻ റാലി, മീറ്റിംഗുകൾ, പരസ്യ ലേലങ്ങൾ, മിഷനുവേണ്ടി പൈസാ സമാഹരിക്കുവാൻ വിവിധ പരിപാടികൾ, ഭവനങ്ങൾതോറും കയറി ഇറങ്ങി മിഷനുള്ള ഫണ്ട് ശേഖരണം... ഒക്ടോബർ മാസം മറക്കാൻ പറ്റുകയില്ല.

www.malankaralibrary.com

ഒക്ടോബർ മാസം നാമെല്ലാവരും മിഷനറിമാരാണെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. മിഷൻ ചൈതന്യത്തിൽ നാം ഒരുമിച്ച് കൂടി പ്രേഷിതപ്രവർത്തനങ്ങളെ സഹായിക്കാൻ വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുന്നു.

**നാമെല്ലാവരും മിഷനറിമാർ**

മാമ്മോദീസാ, തൈലാഭിഷേകം, വി. കുർബാന എന്നീ ആമുഖ കൂദാശകളുടെ സ്വീകരണത്തിലൂടെ നാമെല്ലാവരും ഈശോ




യുടെ മക്കളായിത്തീരുന്നു. നമ്മൾ ദൈവമക്കളും ഈശോയുടെ കൂട്ടുകാരും, മിഷനറിമാരും സഭയുടെ മക്കളുമായി മാറുന്നു. യേശുവിന്റെ ജീവനിലും മരണത്തിലും പങ്കാളികളാകുന്ന നാം പ്രേഷിതരായിതീരുന്നു. നമ്മൾ പുരോഹിതരും, പ്രവാചകരും, നേതാക്കളുമായി മാറുന്നു. രക്ഷിക്കപ്പെട്ട സമൂഹമായി മാറുന്ന, പ്രേഷിതജനമായി തീരുന്ന ഒരു പുതിയ സമൂഹമായി നാം മാറട്ടെ.

**നമ്മൾ പുതുസമൂഹം**

നമ്മെ എല്ലാവരെയും സ്നേഹിക്കുന്ന ദൈവമുണ്ട് എന്ന അനുഭവത്തിലേക്ക് നാം വളരണം. ദൈവം എന്റെ സ്നേഹ പിതാവ്, എന്നെ രക്ഷിക്കാൻ, സ്വന്തമാക്കുവാൻ അവിടുന്ന് സ്വന്തം പുത്രനായ ഈശോയെ തന്നു. ഈശോ എന്നെ പൂർണ്ണമായി സ്നേഹിച്ചു; എന്നെ ദൈവമകനാക്കുവാൻ സ്വയം ദാനമായി തന്നു.



www.malankaralibrary.com

നമ്മൾ എത്രയോ ഭാഗ്യവാന്മാർ-ഈ ഭൂമിയിലെ എല്ലാ മനുഷ്യരെയും ദൈവം ഈ സ്നേഹത്തിലേക്ക് വിളിക്കുന്നു. ഈ സന്ദേശം അറിയിക്കുവാൻ വിളിക്കപ്പെട്ടവരാണ് നമ്മൾ. ഇതാണ് നമ്മുടെ മിഷൻ, നമ്മുടെ ദൗത്യം. സഭയുടെ ദൗത്യമിതാണ്, നമ്മുടെ ദൗത്യവും. ഓരോ മിഷൻ ഞായറും ഈക്കാര്യം നമ്മെ ഓർമപ്പെടുത്തുന്നു.

**നമ്മുടെ മിഷൻ**



ദൈവത്തെ, ഈശോയെ, സഭയെ ലോകത്തിന് നല്കുക എന്നതാണ് നമ്മുടെ മിഷൻ. കഴിഞ്ഞ 21 നൂറ്റാണ്ടുകളിലൂടെ സഭ ഇതാണ് ചെയ്യുന്നത്-നമ്മൾ തുടരേണ്ടതും ഇതുതന്നെ.

**നമുക്ക് എങ്ങനെ പ്രേക്ഷിതർ ആകാം**

1. പ്രഘോഷണത്തിലൂടെ (Proclamation)

ഈശോ അപ്പസ്തോലന്മാരെ തെരഞ്ഞെടുത്ത് അയച്ചത് ഇതിനുവേണ്ടിയാണ്. "നിങ്ങൾ ലോകമെങ്ങുംപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ" (മർക്കോ. 16:15).

a. ഈശോയെ അറിയാത്തവർക്ക് നാം ഈശോയെപ്പറ്റി പറഞ്ഞാൽ മതി ഈശോ മാനസാന്തരം ഉളവാക്കും.

b. ഒരു കാലത്ത് ക്രൈസ്തവമായിരുന്ന സഭാസമൂഹങ്ങൾ ഇന്ന് വിശ്വാസമില്ലാതായിത്തീർന്നു. അവരോടും വചനം പറയണം.

c. നാമ മാത്രമായ ക്രൈസ്തവരോട് വചനം പ്രസംഗിച്ച് അവരെ ചൈതന്യമുള്ളവരാക്കണം (Re-evangelization).

d. കർത്താവിനെയും അവിടുത്തെ സന്ദേശങ്ങളേയും നല്കാൻ കഴിയുന്ന മറ്റു പ്രവർത്തനങ്ങളിലും നാം വ്യാപൃതരാകണം.

e. ക്രൈസ്തവസമൂഹത്തെ വിശ്വാസപരിശീലനത്തിലൂടെ നാം ബലപ്പെടുത്തണം, ഉറപ്പിക്കണം (Catechetical activities).

f. പഠിപ്പിക്കുക, പ്രസംഗിക്കുക, പ്രഘോഷിക്കുക എന്നിവയിൽ നാം വ്യാപൃതരാകണം.

g. ഈശോയെ തങ്ങളുടെ ദൈവവും ഏകരക്ഷകനും ഉത്ഥിതനും

www.malankaralibrary.com

കർത്താവുമായി ഏറ്റു പറയുവാൻ ക്രൈസ്തവരെ നാം പരിശീലിപ്പിക്കണം.

h. നമ്മുടെ കുടുംബങ്ങളെ വിശ്വാസ സമൂഹങ്ങളാക്കി മാറ്റണം.

i. നാം നിലനില്ക്കുന്നത് തന്നെ ഈശോയെ പ്രഘോഷിക്കുവാനാണ്.

**2. വിവിധ ശുശ്രൂഷകളിലൂടെ (Ministries)**

അന്ത്യവിധിയിൽ തന്റെ വലതുവശത്തുള്ളവരോട് ഈശോ പറഞ്ഞത് 'എന്റെ ഈ എളിയവരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്ത



പ്പോൾ എനിക്ക് തന്നെ ചെയ്തുവെന്നാണല്ലോ' (മത്താ. 25:40). എന്തുമാത്രം ശുശ്രൂഷകളിലാണ് സഭ വ്യാപൃതയായിരിക്കുന്നത്. എല്ലാ ശുശ്രൂഷകളുടെയും ലക്ഷ്യം ഈശോ അറിയപ്പെടുക, മഹത്വീകൃതനാകുക എന്നതാണ്. ഒരു ശുശ്രൂഷ – സാമൂഹിക സേവനം, ആരോഗ്യരംഗം – നമുക്ക് പരിചിതമാണ്. ആതുരശുശ്രൂഷയ്ക്ക് ഏറെ പ്രാധാന്യമുണ്ട്. അജപാലനശുശ്രൂഷിയിൽ നാം വ്യാപൃതരാകണം. ഭവന – രോഗി സന്ദർശനങ്ങൾ വർദ്ധിപ്പിക്കണം. എല്ലാവരിലേക്കും നാം ഇറങ്ങിചെല്ലണം.

**3. പ്രാർത്ഥനകളിലൂടെ മിഷനറിമാരാകണം**

ദിവ്യകാരുണ്യ സന്നിധിയിൽ ആയിരുന്നുകൊണ്ട് മിഷനറിമാരാകണം. മിഷന്റെ പവർ ഹൗസ് ദിവ്യകാരുണ്യമാണ്. എല്ലാ ദിവസവും ചുരുങ്ങിയത് ഒരു മണിക്കൂർ ദിവ്യകാരുണ്യ സന്നിധിയിൽ ആയിരിക്ക



www.malankaralibrary.com

ണം, മദർതെരേസയുടെ സമൂഹത്തെപോലെ. സമൂഹങ്ങൾ ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കണം, ശക്തി സംഭരിക്കണം. വ്യക്തികളും സമൂഹങ്ങളും വചനം വായിക്കണം, വിശുദ്ധമായ ജീവിതത്തിലൂടെ മിഷനറിമാരാകണം.

**4. ജീവിത സാക്ഷ്യത്തിലൂടെ (Life Witnessing)**




ഭവനങ്ങളിൽ, സ്ഥാപനങ്ങളിൽ ഒരുമിച്ചുള്ള ജീവിതം, പ്രാർത്ഥനകൾ, സാധുക്കൾക്ക് വേണ്ടിയുള്ള ശുശ്രൂഷകൾ.

Eg. ഭവനനിർമ്മാണം, സാധനങ്ങൾ വിതരണം, പ്രവർത്തകർ ഒരുമിച്ച് ചേരുക - ഡോക്ടർമാർ, നഴ്സുമാർ, സാമൂഹ്യപ്രവർത്തകർ. രക്തസാക്ഷിത്വം - ഏറ്റവും വലിയ സാക്ഷ്യം.

**5. ക്രൈസ്തവ സന്ദേശം പ്രചരിപ്പിക്കുക**

ഉപയോഗിച്ചതെങ്കിലും മറ്റുള്ളവർക്ക് ഉപകാരപ്പെടുന്ന സാധനങ്ങളുടെ വിതരണം, മാസികകൾ, ലഘുലേഖകൾ എന്നിവ.

**6. ആതുര സേവന രംഗങ്ങൾ**

മാനസിക രോഗികൾ, പ്രായാധിക്യത്തിലുള്ളവർ, കിടപ്പുരോഗികൾ, പാലിയേറ്റീവ് കെയർ, ബാലഭവനങ്ങൾ, House for differently abled.

**7. ആശ്വാസ കേന്ദ്രങ്ങൾ**

കൗൺസിലിംഗ് കേന്ദ്രങ്ങൾ, ശാന്തമായി താമസിച്ച് പ്രാർത്ഥിക്കാൻ ഇടം, ഹൃദ്യമായി ഇടപെടുന്ന സമൂഹങ്ങൾ, ജീസസ് യൂത്ത് ആക്ടിവിറ്റീസ്, ഫിയാത്ത് മിഷൻ, വചന പ്രചരണം എന്നിവ.

**8. മിഷൻ നോടുള്ള സ്നേഹം**

2017-ൽ ഷംഷാബാദ്, ഹുസൂർ രൂപതകൾ സ്ഥാപിതമായതോടുകൂടി ഭാരതം മുഴുവൻ നമ്മുടെ പ്രേക്ഷിത സ്ഥലമായി മാറിയിരി

www.malankaralibrary.com

ക്കുന്നു. ഇത് മിഷനോടുള്ള തീഷ്ണത വർധിപ്പിക്കുന്നു.

* Pilgrimage and tour to mission
* ബാല ഭവനങ്ങൾ, ഇടവകകൾ, സന്യാസ സമൂഹങ്ങൾ മിഷ നിലേക്ക് പോവുക,
* Batch gathering at mission centres, Family tour to mission
* 10% മിഷൻ നൽകുക
* ഓരോ കുടുംബവും മിഷനു വേണ്ടി ഒരു വിഹിതം നല്കുക.
* മിഷനെ ദത്തെടുക്കുക

**9. പരി. ആത്മാവ് നമ്മെ നയിക്കട്ടെ**

* പരിശുദ്ധാത്മാവ് മിഷന്റെ ഹൃദയം.
* അപ്പ. 1:8 നിങ്ങൾ സാക്ഷികൾ ആയിരിക്കും.
* ആത്മാഭിഷേകത്തിനായി പ്രാർത്ഥിക്കുക.
* മിഷനറിമാർക്ക് വേണ്ടി പ്രാർത്ഥിക്കണം
* മിഷനായി ദൈവവിളികൾ ഉണ്ടാവണം



**സാന്തോം ഫെലോഷിപ്പിന്റെ ഡയറക്ടറായി 4 വർഷക്കാലം സ്തുത്യർഹമായ സേവനം ചെയ്ത് ഉപരിപഠന ത്തിനായി റോമിലേക്ക് പോയ പ്രിയ മോൻസച്ചന് ഒരായിരം പ്രാർത്ഥനാശംസകൾ!**

www.malankaralibrary.com



# പ്രേഷിത വഴിയിൽ



*തയ്യാറാക്കിയത്:*
**സി. ഗ്രേസി മാത്യു എസ്. എച്ച്**

## മണ്ഡ്യ മിഷനും ഞാനും - ഒരനുഭവക്കുറിപ്പ്

ഞാൻ ഇപ്പോൾ കർത്താവിന്റെ പ്രവർത്തികളെ അനുസ്മരിക്കുകയും ഞാൻ കണ്ടത് പ്രഘോഷിക്കുകയും ചെയ്യും. കർത്താവിന്റെ പ്രവർത്തികൾ വചനം വഴി നിർവഹിക്കപ്പെടുന്നു (പ്രഭാ 42:15). ഈ തിരുവചനം മിഷൻ അനുഭവക്കുറിപ്പിന് എന്തുകൊണ്ടും അനുയോജ്യമാണ്. 1982ൽ ആണ് ഞാൻ ആദ്യമായി മണ്ഡ്യാ മിഷനിൽ എത്തിയത്. അന്നൊരു വാടക വീട്ടിലായിരുന്നു സിസ്റ്റേഴ്സ് താമസിച്ചിരുന്നത്. ഞാനവിടെ എത്തുന്നതിനു മുമ്പ്തന്നെ ആദ്യം വന്ന സഹോദരിമാർ ചെറിയ ഒരു ഡിസ്പെൻസറിയും നഴ്സറി ക്ലാസ്സും ആരംഭിച്ചിരുന്നു. ദിവ്യമായ ഒരു അഗ്നിജ്വാല മനസ്സിൽ പേറിക്കൊണ്ടാണ് ഓരോ മനുഷ്യ വ്യക്തിയും ഈ ഭൂമിയിലേക്ക് കടന്നുവരുന്നത് - അഗ്നിചിറകുകൾ കൊണ്ട് ഉയരത്തിൽ പറന്ന ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ

www.malankaralibrary.com



വാക്കുകളാണ് ഇവ. എന്റെയും നിങ്ങളുടെയും ഉള്ളിൽ ഒരു അഗ്നിജ്വാലയുണ്ട്. ഈ ജ്വാലയെ തിരിച്ചറിഞ്ഞ് പ്രകാശം പരത്തി ഉയരങ്ങളിലേക്ക് ചിറകുവിരിച്ചുയരാൻ പഠിപ്പിക്കുന്ന പരിശീലന കളരിയായിരുന്നു എന്റെ തുടർന്നുള്ള ജീവിതം. എല്ലാദിവസവും ഉച്ചവരെ നഴ്സറി ക്ലാസ്സായിരുന്നു. ഉച്ചകഴിഞ്ഞ് അച്ചന്മാരുടെയും റീജന്റ് ബ്രദറിന്റെയും കൂടെ സൈക്കിളിന്റെ പിന്നിൽ മെഡിക്കൽ കിറ്റും വെച്ച് കെട്ടി ഞങ്ങൾ ഗ്രാമങ്ങളിലേക്ക് യാത്ര തിരിക്കും. അവിടെ ചെന്ന് വില്ലേജ് ചെയർമാന്റെ വീടിന്റെ പുറത്തെമുറി ഡിസ്പെൻസറി ആക്കി ഒരാൾ അവിടെയും മറ്റുള്ളവർ വീടുകൾ കയറിയിറങ്ങി രോഗികളെ ഡിസ്പെൻസറിയിലേക്ക് പറഞ്ഞു വിടുകയും ചെയ്യും. ചാണകവും പുറ്റുമണ്ണും ഒക്കെ പൊതിഞ്ഞിരിക്കുന്ന ദുർഗന്ധം വമിക്കുന്ന മുറിവുകളെ വളരെ സ്നേഹത്തോടെ കരുണയോടെ വൃത്തിയാക്കി മരുന്നു കൊടുക്കുകയും ശുശ്രൂഷിക്കുകയും ചെയ്ത, ഇരുണ കോഴ്സ് മാത്രംപഠിച്ച ബഹുമാനപ്പെട്ട അച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും ത്യാഗപൂർണ്ണമായ സേവനത്തെ അത്ഭുതത്തോടെ മാത്രമേ എനിക്ക് നോക്കി നിൽക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഈ എളിയവരിൽ ഒരുവന് നിങ്ങൾ ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത് എന്ന ദിവ്യഗുരുവിന്റെ വചനം അവരെ ശക്തിപ്പെടുത്തിയിരുന്നു എന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ദൈവത്തിന്റെ പുഞ്ചിരി അണിയാൻ വിളിക്കപ്പെട്ടവരാണ് സമർപ്പിതർ. ആഗ്രഹങ്ങളിൽ എല്ലാം അനുഗ്രഹമുണ്ടായിരിക്കണം

www.malankaralibrary.com

എങ്കിൽ സന്തോഷങ്ങളിലെല്ലാം ആനന്ദം ഉണ്ടാകും ഈ ബോധ്യം ഭാഷാ പഠനവും സാഹസികമായ സൈക്ലിങ് പഠനവും ഒക്കെ ഞങ്ങൾക്ക് ഒരു ഹരമാക്കി തീർത്തു. വില്ലേജിൽ പോയി മടങ്ങി വരുമ്പോഴേക്കും വയോജന വിദ്യാഭ്യാസത്തിനായി ഉച്ചവരെ നേഴ്സറി കുട്ടികളിരുന്ന മുറികളിൽ മുതിർന്നവർ വന്ന് നമ്മെ കാത്തിരിക്കും. ആഴ്ചയിൽ ഒരിക്കൽ മാത്രം കുളിക്കുന്ന ശീലമുള്ള അവർ വീടിനുള്ളിൽ ആടുകളെയും പശുക്കളെയും കെട്ടി, അവയുടെ മൂത്രവും ചാണകവും തെറിക്കുന്ന സ്ഥലത്ത് കിടന്നുറങ്ങുകയും, രാവിലെ മുതൽ അവയെ മേയ്ക്കുകയും, കണ്ടത്തിലും കരയിലും കരിമ്പും മുത്താറിയും നെല്ലും കൃഷി ചെയ്ത് വിയർത്തൊലിച്ചുമാണ് വന്നിരുന്നത്. അതിനാൽ അവർ അവിടെ നിന്ന് പോയാലും മണിക്കൂറുകളോളം അവരുടെ ഗന്ധം അന്തരീക്ഷത്തിൽ തങ്ങിനിൽക്കുന്നത് ഞങ്ങളിൽ പലർക്കും അസ്വസ്ഥത ഉണ്ടാക്കിയിരുന്നത് ഇപ്പോഴും ഓർക്കുന്നു. വിദ്യാഭ്യാസത്തിലും ശുചിത്വത്തിന്റെ കാര്യത്തിലും പിന്നോക്കാവസ്ഥയിലായിരുന്നു അവരെങ്കിലും ഞങ്ങളോട് സ്നേഹവും കരുതലുമുള്ള നല്ല വ്യക്തിത്വങ്ങൾ ആയിരുന്നു അവരെന്ന് സ്മരിക്കുന്നു. ഇത്തരുണത്തിൽ ഖലീൽ ജിബ്രാന്റെ വറ്റി വര പ്രകാശമറ്റ എന്റെ വിളക്ക് ഞാൻ ഉയർത്തിപ്പിടിക്കുമ്പോൾ രാവുകളുടെ കാവൽക്കാരൻ അതിൽ ആനന്ദത്തിന്റെ എണ്ണയൊഴിച്ച് തിരി തെളിയിക്കും എന്ന വാക്കുകളാണ് ഓർമ്മയിൽ വരിക. 1985 മുതൽ 1997 വരെ, ജില്ലാ കളക്ടർ പ്രസിഡന്റ് ആയിട്ടുള്ള ഡിസ്ട്രിക്ട് കൗൺസിൽ ഫേങ്കത വിമൻ ആൻഡ് ചൈൽഡ് വെൽഫെയർ കമ്മറ്റിയുടെ സെക്രട്ടറിയായി സേവനമനുഷ്ഠിക്കാൻ എനിയ്ക്ക് ലഭിച്ച അവസരത്തിലൂടെ അർഹിക്കുന്ന



www.malankaralibrary.com

അനേകർക്ക് നന്മ ചെയ്യാൻ സാധിച്ചിട്ടുണ്ട്.

നമ്മുടെ ജീവിതത്തിൽ നാം ഓർത്തിരിക്കുന്നത് നമ്മുടെ ജീവിതത്തെ സ്വാധീനിച്ചവരും നമ്മെ സ്നേഹിച്ചവരും പരിഗണിച്ചവരും വളർത്തിയവരും ഒക്കെ ആണ്. പാവപ്പെട്ട മനുഷ്യരുടെ ഹൃദയ നൊമ്പരങ്ങൾ ഞങ്ങളുടെ തന്നെ ഹൃദയ നൊമ്പരങ്ങളായിരുന്നു. ഒരു സ്കൂൾ ടീച്ചർ ആയിരുന്നിട്ടും ഗ്രാമങ്ങൾ സന്ദർശിക്കാനും അഡൽട്ട് എഡ്യുക്കേഷൻ ക്ലാസ് എടുക്കാനും സെൽഫ് അവേർനസ്സ് ക്ലാസുകളും മോട്ടിവേഷൻ



പ്രോഗ്രാംസും സംഘടിപ്പിക്കാനും നടത്താനുമൊക്കെ ബഹുമാനപ്പെട്ട എം. എസ്. ടി അച്ചന്മാരുടെ ഒപ്പം കഴിഞ്ഞു എന്നത് ചാരിതാർത്ഥ്യത്തോടെ ഓർക്കുന്നു. പിന്നിട്ട വഴികളിൽ എന്നും രജത രേഖകൾ വിരചിച്ച്, കർമോത്സുകതയുടെ കർമ്മ കാണ്ഡങ്ങൾ അനേകം ഹൃദയവിഹായസുകളിൽ വിരിയിക്കാൻ സ്കൂളിൽ നിന്നും ഒരു വർഷം ലീവ് എടുത്ത് പൂർണ്ണമായും ഗ്രാമ വികസന പ്രവർത്തനങ്ങൾക്കായി മാറിനിൽക്കാൻ ലഭിച്ച അവസരത്തിൽ എന്റെ കഴിവിന്റെ പരമാവധി പ്രയോജനപ്പെടുത്താനായി. ദിവസവും 10 മുതൽ 17 കിലോമീറ്റർ വരെ സൈക്കിൾ ചവിട്ടി അഞ്ചും ആറും ഗ്രാമങ്ങൾ സന്ദർശിച്ച് നഴ്സറി സ്കൂളുകൾ ആരംഭിച്ച്, വർഷാവസാനം നഴ്സറിയുടെ ആനിവേഴ്സറിയും നടത്തിവന്നു. നഴ്സറി വാർഷികം ഓരോ ഗ്രാമത്തിന്റെയും ഉത്സവദിനം

www.malankaralibrary.com

എന്നതുപോലെ ജാതിമത ഭേദമന്യേ നടത്തിയിരുന്നു.

രാത്രിക്ക് ശേഷം പ്രഭാതം പോലെ, മഞ്ഞുകാലത്തിനുശേഷം വസന്തം പോലെ, പെരുമഴയിൽ ഒരു കുടയും മരുഭൂമിയിൽ ഒരു നീർച്ചാലും കൊടും വേനലിൽ ഒരു പച്ചപ്പും പോലെ, നീതി നിഷേധിക്കപ്പെട്ടവന്റെ കരച്ചിലിലും, പ്രാണൻ പിടയുന്നവരുടെ എരിഞ്ഞടങ്ങളിലുമൊക്കെ കൂട്ടായിരിക്കുവാൻ കിട്ടിയ ധന്യ നിമിഷങ്ങൾ ആയിരുന്നു. ഒപ്പം, ആധുനികലോകം ചവച്ചു തുപ്പുന്ന ചപ്പുചവറുകൾക്ക് പിന്നാലെ പായാതെ അപരന്റെ ഹൃദയത്തിന്റെ നൊമ്പരങ്ങൾ തൊട്ടറിഞ്ഞ് ആർദ്ര ഹൃദയത്തിന്റെ വ്യക്തികളായി മാറാനും തിരുത്തലിന്റെ ശബ്ദമായി സത്യത്തിന്റെ ആൾരൂപമായി മാറാനും പരിശീലനം കിട്ടിയ ധാരാളം വിദ്യാർഥികളെ സൃഷ്ടിച്ചെടുക്കാൻ, ജീവിതത്തിന്റെ ഉന്നത ശ്രേണിയിലേക്ക് അവരെ പറഞ്ഞയക്കാൻ നമ്മുടെ വിദ്യാലയങ്ങളിലൂടെ, അധ്യാപനത്തിലൂടെ സാധിച്ചു എന്നത് പൂർവ്വ വിദ്യാർത്ഥികളിൽ നിന്നുതന്നെ കേൾക്കുമ്പോൾ ഓടിയതും അധ്വാനിച്ചതും ഒന്നും വ്യർത്ഥമായി പോയില്ലല്ലോ എന്ന ചിന്ത സംതൃപ്തിയെക്കാളേറെ കൂടുതൽ പ്രവർത്തിക്കാനുള്ള ഊർജ്ജവും കരുത്തും പകർന്നു നൽകുന്നു.

നമ്മുടെ വിശ്വാസത്തിന്റെ നാഥനും അതിനെ പൂർണ്ണതയിൽ എത്തിക്കുന്നവനുമായ യേശുവിനെ മുന്നിൽ കണ്ടുകൊണ്ട് വേണം നാം ഓടാൻ എന്ന വചനത്തെ മുറുകെപ്പിടിച്ച് അതി ധ്രുതം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ സാങ്കേതിക വിപ്ലവവും സാംസ്കാരിക അധിനിവേശവും നമ്മുടെ ജീവിതത്തെ ഉലയ്ക്കാതിരിക്കാൻ നിതാന്ത ജാഗ്രതയുള്ളവരായിത്തീരാൻ, ആത്മീയ സമ്പത്തുള്ളവരായി മാറാൻ, അനർഘ നിക്ഷേപങ്ങൾ അനേകർക്ക് തുറന്നുകൊടുക്കുന്ന അക്ഷയപാത്രമായി ജീവിതം മാറ്റാൻ ഈ അനുഭവക്കുറിപ്പുകൾ ഇടയാക്കട്ടെ. സമർപ്പിത സഹോദരിമാരെ സ്വന്തമായി കരുതി തിരുത്തലുകളും നിർദ്ദേശങ്ങളും അനുകൂല സാഹചര്യങ്ങളും ഒരുക്കി ഞങ്ങളുടെ സമർപ്പിത ജീവിതവളർച്ചയിൽ വളരെ വലിയ പങ്കുവഹിച്ച എം. എസ്. റ്റി സഭയിലെ ബഹുമാനപ്പെട്ട അച്ചൻമ്മാരെയും അധികാരികളെയും ഏറെ നന്ദിയോടും കടപ്പാടുകളോടും കൂടി ഓർമ്മിക്കുന്നു.

www.malankaralibrary.com



# എന്റെ മിഷൻ അനുഭവം



## ബ്രദർ കുഴിപ്പള്ളിൽ സെബാസ്റ്റ്യൻ

*തയ്യാറാക്കിയത്:* **വേങ്ങത്തടം ജോസ്**

ഓരോ ക്രൈസ്തവന്റെയും ദൗത്യം മിഷൻ പ്രവർത്തനത്തിൽ ഏർപ്പെടുക എന്നതാണ്. മറ്റൊരുവാക്കിൽ പറഞ്ഞാൽ ഈശോ നല്കിയ ദൗത്യമാണ്. ഈശോയെ പ്രഘോഷിക്കുക, ഈശോയെ അറിഞ്ഞിട്ടില്ലാത്ത ജനഹൃദയങ്ങളിലേക്ക് "ഈശോ സ്നേഹം" എത്തിച്ചു കൊടുക്കുക. അതാണ് പ്രേഷിത പ്രവർത്തനം. ഈശോ നമുക്ക് നല്കിയ കൃപകൾ, അനുഗ്രഹങ്ങൾ ഇതിനെയെല്ലാം ഒരു വിഹിതം ഈശോയ്ക്ക് തിരിച്ചു നൽകുക. അതാണ് ദശാംശം. ഇതാ ഒരു അല്മായ പ്രേഷിതനെ പരിചയപ്പെടാം. തന്റെ സ്വത്തിന്റെ ദശാംശം മാത്രമല്ല, സമയത്തിന്റെ, കഴിവിന്റെ, അനുഗ്രഹങ്ങളുടെ കൃപകളുടെ ദശാംശം ഈശോയ്ക്ക് മിഷൻവേലയായി നല്കുന്ന ഒരു ആത്മായ പ്രേഷിതൻ സെബാസ്റ്റ്യൻ കുഴിപ്പള്ളിൽ

www.malankaralibrary.com

പരിചയപ്പെടാം. എം.എസ്.റ്റി പ്രേഷിതസഹകാരിയായി പ്രേഷിത പ്രവർത്തനങ്ങൾക്ക് ഒരു മാതൃകയായി വിളങ്ങുന്നു ഈ ആത്മായ മിഷനറി.

*** ബ്രദർ സെബാസ്റ്റ്യൻ (എം.എസ്.റ്റി പ്രേഷിത സഹകാരികളെ ബ്രദർ, സിസ്റ്റേഴ്സ് എന്നാണ് അഭിസംബോധന ചെയ്യുന്നത്.) ഇപ്പോൾ ഒരു ഫുൾടൈം മിഷനറിയായി ശുശ്രൂഷ ചെയ്യുന്നുവെന്നും എം.എസ്.റ്റി സമൂഹത്തിന് ഒരു പ്രേഷിത സഹകാരിയായി വാഗ്ദാനം ചെയ്തുവെന്നും മനസ്സിലാക്കുന്നു. ഒരു ഫുൾടൈം മിഷനറി എന്നതുകൊണ്ട് എന്താണ് ഉദ്ദേശിച്ചത്. അപ്പോൾ കുടുംബ കാര്യങ്ങൾ എങ്ങനെ പോകുന്നു. ഒന്ന് വിശദീകരിക്കാമോ?**

എന്റെ കുടുംബം ഒരു അനുഗ്രഹീത കുടുംബമാണ്. ഭാര്യയും മൂന്നു മക്കളും അടങ്ങുന്ന കുടുംബം. ഭാര്യ ടീച്ചറായിരുന്നു. മൂത്ത മകൻ പഠിക്കുന്നു. രണ്ടാമത്തെ മകൾ ബി. ടെക് കഴിഞ്ഞ് മെഡിസിനു പഠിക്കാൻ തയാറാകുന്നു. ഇളയ മകൻ ഒമ്പതാം ക്ലാസിൽ പഠിക്കുന്നു. ഞാനും കുടുംബവും ദുബായിൽ ആയിരുന്നു. അവിടെ ഞങ്ങൾ കരിസ്മാറ്റിക് പ്രാർത്ഥനകളിൽ സജീവമായിരുന്നു. ദുബായിലെ പ്രാർത്ഥന യോഗങ്ങളിലും പിന്നീട് ശാലോം, ഗുഡ് ന്യൂസ് ടിവിയിലും വചനം പങ്കുവെക്കുമായിരുന്നു. ഇങ്ങനെ പ്രവർത്തിച്ചു കൊണ്ടിരുന്നപ്പോൾ ദൈവാത്മാവ് തോന്നിച്ച ആശയമാണ് ദൈവവേലയിൽ വ്യാപൃതനാകണമെന്ന്. ഞാനും ഭാര്യയും ജോലിചെയ്യുകയായിരുന്നു. അന്ന് ഞാനും കുടുംബവും ഞങ്ങളുടെ വരുമാനത്തിന്റെ ദശാംശം കൃത്യമായി എഴുതി വച്ച് കൊടുക്കുമായിരുന്നു. അപ്പോൾ എന്നിൽ ഉദിച്ച ഒരു അനുഗ്രഹ വിത്താണ് സുവിശേഷ



പ്രഘോഷണം എന്ന ആശയം. ഈശോയ്ക്ക് വരുമാനത്തിന്റെ വിഹിതം മാത്രം കൊടുത്താൽ പോരാ നമ്മുടെ സമയത്തിന്റെ, കഴിവിന്റെ വിഹിതം കൊടുക്കണമെന്ന്. അങ്ങനെ മുപ്പത് വർഷം




ജോലി കഴിഞ്ഞപ്പോൾ അതിന്റെ ദശാംശമായി മൂന്നു വർഷക്കാലം പ്രേക്ഷിത വേലയ്ക്കായി ഞങ്ങൾ ജോലി രാജിവെച്ച് നാട്ടിലേക്ക് കുടുംബസമേതം പോന്നു. ഞാൻ തലശ്ശേരി മഠത്തിൽ സെന്റ് സെബാസ്റ്റ്യൻ ഇടവകാംഗമാണ്. ഇപ്പോൾ ബാംഗ്ലൂർ കാർമ്മലരാമിലാണ് താമസിക്കുന്നത്.

*** ഈ 'വിളിയോട്' കുടുംബം എങ്ങനെ പ്രതികരിച്ചു? മക്കൾ പഠിക്കുന്നു, മറ്റു ചിലവുകൾ അങ്ങനെ എന്തെല്ലാം കാര്യങ്ങൾ?**

കുടുംബത്തിന്റെ പരിപൂർണ്ണ സമ്മതവും സഹകരണമില്ലാതെ ഈ ദൗത്യമായ ദൈവവേല അസാധ്യമാണ്. അതുകൊണ്ട് ഞാൻ ഇതിനെ എന്റെ കുടുംബത്തിന്റെ മിനിസ്ട്രിയായിട്ടാണ് കാണുന്നത്. കുടുംബത്തിന്റെ പരിപൂർണ്ണ സഹകരണം ഇതിനുണ്ട്. കുടുംബം മുഴുവൻ ഈ ശുശ്രൂഷകളിൽ പങ്കാളികളാണ്.

*** എന്റെ അറിവിൽ ഇപ്പോൾ കുടുംബത്തിൽ ആരും ജോലി ചെയ്യുന്നില്ല. അപ്പോൾ എങ്ങനെ കുടുംബകാര്യങ്ങൾ നടക്കുന്നു?**

ഞങ്ങൾക്ക് ഇങ്ങനെ ഒരു പദ്ധതി മനസ്സിൽ ഉള്ളത് കൊണ്ട് മക്കളുടെ പഠനത്തിനും മറ്റു കാര്യങ്ങൾക്കുമായി തുക മാറ്റി വെക്കുമായിരുന്നു. അത്യാവശ്യം വാടകവരുമാനം കൊണ്ട് വീട്ടുചിലവുകൾ നടക്കുന്നു.

*** എവിടെയൊക്കെയാണ് പ്രേഷിതവേല നടത്തുന്നത? എന്തൊക്കെ ചെയ്യുന്നു? പരിചയമില്ലാത്ത സ്ഥലങ്ങളിലൊക്കെ എങ്ങനെയാണ് എത്തിപ്പെടുന്നത്?**

ഭാരതത്തിലെ 11 സംസ്ഥാനങ്ങളിൽ ചെറിയതോതിൽ പ്രേഷിത

www.malankaralibrary.com

വേല ചെയ്യുന്നു. വചനപ്രഘോഷണമാണ് എനിക്ക് ഏറ്റവും ഇഷ്ട പ്പെട്ട ശുശ്രൂഷ. എന്നാൽ മിഷൻ പ്രദേശങ്ങളിൽ പോകുമ്പോൾ പറഞ്ഞറിയിക്കാൻ കഴിയാത്ത പാവപ്പെട്ടവരുടെ വേദനകൾ കാണാൻ പറ്റും. അത്കൊണ്ട് ഗ്രാമത്തിൽ ദൈവാലയങ്ങൾ പണി യുവാനും അവിടെയുള്ള കുട്ടികളുടെ പഠന കാര്യത്തിനും ഞാൻ സഹായിക്കാറുണ്ട്. ഞാൻ ശുശ്രൂഷ ചെയ്യുന്ന ഓരോ സ്ഥ ലത്തെയും കത്തോലിക്ക മിഷനുമായി ചേർന്നുകൊണ്ടാണ്. ഞാൻ 3 റീത്തുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.

*** 11 സംസ്ഥാനങ്ങളിൽ പ്രത്യേകിച്ച് നോർത്ത് ഈസ്റ്റ്, നോർത്ത് സംസ്ഥാനങ്ങളിൽ പോകുമ്പോൾ യാത്രാ ചിലവുകളും മറ്റും എങ്ങ നെയാണ് കൈകാര്യം ചെയ്യുന്നത്?**

ഞാൻ നേരത്തെ സൂചിപ്പിച്ചല്ലോ ഞാൻ കൃത്യമായി വരുമാനത്തിന്റെ ദശാംശം കൊടുക്കുമായിരുന്നു. ചിലവാകാത്ത ദശാംശ തുക ഞാ ൻ എഫ് ഡി ഡെപോസിറ്റ് ചെയ്യുമായിരുന്നു. അങ്ങനെ ഡെപോ സിറ്റ് തുകയും പലിശയും ദൈവത്തിൻറെ പൈസയാണ്. അതാ ണ് ഞാൻ മിഷൻ വേലയ്ക്ക് ഇപ്പോൾ ചെലവഴിക്കുന്നത്.

*** മിഷൻ യാത്ര ചിലവും മറ്റും നിങ്ങൾ സ്വരൂപിച്ച ദശാംശത്തിൽ നിന്ന് എടുക്കുന്നു. എന്നാൽ പാവപ്പെട്ട കുട്ടികളെ പഠിപ്പിക്കുന്നതി നും ദൈവാലയം നിർമ്മിക്കാനുള്ള തുക എങ്ങനെ സ്വരൂപിക്കുന്നു?**



www.malankaralibrary.com



ഡെപോസിറ്റ് പേഴ്സണൽ എക്സ്പെൻസിന് മാത്രം. മിഷൻ പള്ളി പണിയാനും മറ്റു പ്രവർത്തനങ്ങൾക്ക് പണം നല്കി സഹായിക്കുന്നത് എൻറെ പ്രാർത്ഥന കൂട്ടായ്മയിൽ ഉള്ള സുഹൃത്തുക്കളാണ്. കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ 41 ദേവാലയങ്ങൾ പണി കഴിക്കാൻ സർവ്വശക്തനായ ദൈവം ഞങ്ങൾക്ക് അനുഗ്രഹം ചെയ്തിട്ടുണ്ട്. രാജ്യത്തിന്റെ പല സ്ഥലങ്ങളിലായി ഇരുന്നൂറോളം കുട്ടികളെ പഠിപ്പിക്കാനും സാധിക്കുന്നുണ്ട്. ഇത് എന്റെയും എന്റെ സുഹൃത്തുക്കളുടെയും ദശാംശം ആണ്.

*** സാമ്പത്തിക കൈകാര്യം ചെയ്യുന്നത് വളരെ ശ്രദ്ധിക്കേണ്ടതുണ്ടെന്ന് പറയാതെ തന്നെ അറിയാമല്ലോ എങ്ങനെയാണ് ഈ സാമ്പത്തിക ഇടപാടുകൾ നല്ല രീതിയിൽ കൊണ്ടുപോകുന്നത് ?**

ശരിയാണ് ഓരോ ശുശ്രൂഷകനും വളരെ ശ്രദ്ധിക്കേണ്ട ഒരു മേഖലയാണിത്. ഞാൻ ഒരു പൈസപോലും ആരിൽ നിന്ന് സ്വീകരിക്കുകയോ എന്നിലൂടെ വരികയോ ഇല്ല. ഏത് പ്രദേശത്താണ് സാമ്പത്തികം ആവശ്യമായത് ആ പ്രദേശത്തെ മിഷൻ അക്കൗണ്ടിലേക്ക് നേരിട്ടാണ് സഹായം എത്തിക്കുന്നവർ അയക്കുന്നത്. ഈ അക്കൗണ്ടിൽ വരുന്ന പണം കൃത്യമായി വിനിയോഗിച്ചോ എന്ന ദൗത്യമാണ് എനിക്കുള്ളത്. ഇതുവരെ ഇതെല്ലാം നന്നായി പോകുന്നു.

www.malankaralibrary.com

* പ്രധാന കാര്യം പണമിടപാട് തന്നെ ഇപ്പോൾ എത്ര വർഷമായി മിഷൻ ശുശ്രൂഷയിൽ സേവ് ചെയ്യുന്നു. ഇനി എത്ര നാൾ ഈ ശുശ്രൂഷ എടുക്കാൻ താല്പര്യമുണ്ട്?

ഞാൻ എന്റെ ദശാംശ കാലാവധി മൂന്നു വർഷമായിരുന്നു. ആ മൂന്നു വർഷം കഴിഞ്ഞു കുറച്ചുകാലം കൂടി ഈ ശുശ്രൂഷ തുടരണമെന്നാണ് ആഗ്രഹം. കുട്ടികൾ പഠിക്കുന്നത് കൊണ്ട് കുറച്ചു നാൾ കൂടി ജോലി ചെയ്യേണ്ടി വരും. സമയത്തിന്റെ ദശാംശം ദൈവത്തിന് ഫലപ്രദമായി കൊടുക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്.

* ഭാരതത്തിൽ പ്രേക്ഷിത വേല ചെയ്യുന്നതിന് വെല്ലുവിളികളുണ്ടോ?

വെല്ലുവിളികൾ എന്നുമുണ്ട്. എന്നാൽ ഈശോയുടെ സുവിശേഷം ഭാരത്തിൽ നിന്നും പ്രസംഗിക്കാം, സാഹചര്യങ്ങൾ അനുകൂലമാണ്. രാജ്യത്തെ നിയമങ്ങൾ പാലിച്ചുകൊണ്ട് തന്നെ നമുക്ക് മറ്റുള്ളവർക്ക് ഈശോയെ കൊടുക്കാം.

* ഈ മേഖലയിൽ ശുശ്രൂഷ ചെയ്യാൻ ആഗ്രഹമുള്ള വിശ്വാസികൾക്ക് എന്ത് സന്ദേശമാണ് നല്കുന്നത്?

ഏതൊരു വിശ്വാസിയ്ക്കും ഈ മേഖലയിലേക്ക് വരാൻ സാധിക്കും. വളരെ ഫലപ്രദമായി പ്രവർത്തിക്കാനും സാധിക്കും. നമ്മളുടെ പരിശ്രമങ്ങളെ പരിശുദ്ധാത്മാവ് മുന്നിൽ നിന്ന് നയിക്കും. ദൈവമാണ് പ്രവർത്തിക്കുന്നത് നമ്മൾ ഒരു ഉപകരണം മാത്രം. (16:15) ജീവിക്കാനുള്ള തീ ഉള്ളിൽ ഉണ്ടായാൽ മതി. ദശാംശം നൽകുന്ന കുടുംബങ്ങളെ ദൈവം അനുഗ്രഹങ്ങൾ കൊണ്ട് പൊതിയും. എന്റെ അനുഭവങ്ങളാണ് ദശാംശം കൊടുക്കുന്ന കുടുംബങ്ങളെ എങ്ങനെ അനുഗ്രഹിക്കണമെന്ന് വചനം പറയുന്നു. (മലാക്കി 3:10).

* എം.എസ്.റ്റി സമൂഹത്തിന്റെ പ്രേക്ഷിതർ സാന്തോം ഫെലോഷിപ്പ് അംഗങ്ങൾക്കായുള്ള സാധ്യതകൾ ഒന്ന് വിവരിക്കാമോ?

നാമെല്ലാവരും പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരാണ്. അനേകർക്ക് മാതൃകയാകും വിധം സമയം കൊണ്ടും, പ്രാർത്ഥന കൊണ്ടും അർത്ഥം കൊണ്ടും നമുക്ക് കഴിയുന്ന വിധം സജീവ പങ്കാളികളാകാൻ പ്രത്യേകം വിളിക്കപ്പെട്ടവരാണ്. അതുകൊണ്ട് നമ്മൾ വില കൊടുക്കാൻ തയ്യാറാകണം.



www.malankaralibrary.com

# വഴിത്താര തീർക്കുന്നവർ

## ഫാ. ബിനീഷ് കുഴിയടിയിൽ എം.എസ്.റ്റി



*തയ്യാറാക്കിയത്:*
**ഫാ. ടോണി കിഴക്കേമുറിയിൽ എം. എസ്.റ്റി**

ഈശോ മിശിഹായിൽ ഏറ്റവും സ്നേഹം നിറഞ്ഞ സാന്തോം ഫെലോഷിപ്പ് അംഗങ്ങളെ. നമ്മുടെ കർത്താവായ യേശുവിന്റെ എല്ലാ അനുഗ്രഹങ്ങളും എല്ലാവർക്കും ഉണ്ടായിരിക്കട്ടെ.

www.malankaralibrary.com

ഇന്ന് നമ്മൾ വഴിത്താര തീർക്കുന്നവർ എന്ന വഴി പരിചയപ്പെടാൻ പോകുന്നത് ഫാദർ ബിനീഷ് കുഴിയടിയിൽ എം.എസ്.റ്റി. വളരെ വ്യത്യസ്തമായ മിഷൻ രീതികൾ ഉപയോഗിക്കുന്ന ഒരു വ്യക്തി കൂടിയാണ് അച്ചൻ. നമുക്ക് അച്ചന്റെ മിഷൻ രീതികളും മിഷൻ അനുഭവങ്ങളെ കുറിച്ചും കൂടുതൽ ചോദിച്ചു മനസ്സിലാക്കാം.

**1. അച്ചന്റെ ദൈവവിളിയെ കുറിച്ചും മിഷനറി വൈദികനാകാൻ തീരുമാനിച്ചതിനെ കുറിച്ചും സാന്തോം ഫെലോഷിപ്പ് അംഗങ്ങളോട് പങ്കുവെക്കാമോ?**

ബെന്നി - ബിജി ദമ്പതികളുടെ രണ്ടാമത്തെ മകനായി ഇടുക്കി രൂപതയിലെ നെടുങ്കണ്ടം ഇടവകയിൽ ആയിരുന്നു എന്റെ ജനനം. എന്റെ ജനനത്തിനുശേഷം വികാരിയച്ചൻ വീട്ടിൽ വരുകയും എന്റെ അപ്പനോടും അമ്മയോടും ഈ കുഞ്ഞ് ഞങ്ങൾക്കുള്ളതാണ്, ഈശോയ്ക്ക് ഉള്ളതാണ് എന്ന് പറയുകയുണ്ടായി. അതിനാൽ തന്നെ എന്റെ അമ്മയും വല്യമ്മയും എന്നെ നീ ഈശോയുടെ കുഞ്ഞാണ് എന്ന് പറഞ്ഞാണ് വളർത്തിയത്.

പിന്നീട് കാലങ്ങൾ കഴിയുന്തോറും എന്റെ ഉള്ളിൽ വൈദികനാകൻ ഉള്ള ആഗ്രഹം കൂടിവരികയും, അതിനാൽ ഞാൻ എന്റെ മനസ്സിനെ ഒരുക്കുകയും ചെയ്തിരുന്നു. പഠനകാലയളവിൽ അച്ചന്മാരും സിസ്റ്റേഴ്സുമായി നല്ല ബന്ധം പുലർത്തിയിരുന്നതിനാൽ ഈശോയെ കൂടുതൽ അറിയുവാനും അവനോട് കൂടുതൽ അടു



www.malankaralibrary.com

ക്കുവാനും അവർ എന്നെ സഹായിച്ചു. മിഷനറി വൈദികനാകാൻ എന്നെ പ്രേരിപ്പിച്ചത് അൾത്താര ബാലന്മാരുടെ ഒരു മീറ്റിങ്ങിൽ



പങ്കെടുത്തപ്പോൾ ആ മീറ്റിംഗ് ലീഡ് ചെയ്ത ഒരു അച്ചൻ പറഞ്ഞു അനേകായിരങ്ങൾ ആണ് നിങ്ങളെ കാത്തിരിക്കുന്നത്. നിങ്ങളിലൂടെ യേശുവിനെ അറിയുവാനും അവന്റെ സ്നേഹം മനസിലാക്കുവാനും ആയിരങ്ങൾ കാത്തിരിപ്പുണ്ട്. ഈ വാക്കുകളാണ് എന്നെ മിഷനറി വൈദികനാകാൻ പ്രേരിപ്പിച്ചത്. അതിനാൽ തന്നെ പിന്നീട് നെടുംകണ്ടത്തിൽ നിന്ന് വീട് മാറി പാലാ രൂപതയിലെ ചിറ്റാർ ഇടവകയിൽ എത്തിയപ്പോഴും മിഷനറി വൈദികൻ ആകണം എന്നുള്ള ആഗ്രഹമാണ് എന്നെ 2006 ൽ എം.എസ്.റ്റി സഭാ സമൂഹത്തിൽ ചേരാൻ പ്രേരിപ്പിച്ചത്. ദൈവത്തിന്റെ അനുഗ്രഹത്താൽ 2019 ഡിസംബർ 31-ാം തീയതി മാർ സെബാസ്റ്റ്യൻ വടക്കേൽ പിതാവിന്റെ കൈവെപ്പ് വഴി ശുശ്രൂഷ പൗരോഹിത്യത്തിലേക്ക് ഉയർത്തുകയും ഇപ്പോൾ സെൻറ് ജോസഫ് മിഷൻ ഒഡീഷയിൽ സേക്രട്ട് ഹാർട്ട് മിഷൻ സ്റ്റേഷനിൽ സേവനം ചെയ്യുകയും ചെയ്യുന്നു.

**2. യുവ മിഷനറി എന്ന നിലയിൽ അച്ചന്റെ മിഷൻ അനുഭവം?**

ഒത്തിരി പ്രതീക്ഷയോടും സന്തോഷത്തോടും കൂടിയാണ് വന്നത്. ഈശോയെ മറ്റുള്ളവർക്ക് കൊടുക്കാനുള്ള ആഗ്രഹം മനസ്സിൽ കത്തി ജ്വലിക്കുകയായിരുന്നു. മൂന്ന് വർഷമായി ലക്ഷ്മിപൂർ എന്ന സ്ഥലത്ത് സേവനം ചെയ്യുന്നു. യോഹന്നാൻ 20:21 'പിതാവ് എന്നെ അയച്ചത് പോലെ ഞാനും നിങ്ങളെ അയക്കുന്നു'. അതി

www.malankaralibrary.com



നാൽ അയച്ചവനോട് കൂടുതൽ ചേർന്ന് നിന്നുകൊണ്ട് അവന്റെ സുവിശേഷം എല്ലാരോടും പ്രഘോഷിക്കുന്നു. ഈശോയോട് വിശ്വാസം പുലർത്തിയാൽ അവൻ എല്ലാ കാര്യങ്ങളും ഫലപ്രദമാക്കി മാറ്റും. അവൻ കൂടെയുണ്ടെന്നുള്ളതാണ് ഒരു ധൈര്യവും.

**3. സേക്രട്ട് ഹാർട്ട് മിഷൻ ലക്ഷ്മിപൂറിനെ കുറിച്ച് ഒന്ന് വിവരിക്കാമോ?**

2020 ഒക്ടോബർ 1 ന് ഞാനും ജിജോ കോട്ടക്കാവിൽ അച്ചനും കൂടിയാണ് ഈ മിഷൻ സ്റ്റേഷൻ ആരംഭിച്ചത്. ജിജോ അച്ചന്റെ അസിസ്റ്റന്റ് ആയിട്ടായിരുന്നു ആദ്യ അപ്പോയ്മെന്റ്. ഇപ്പോൾ ഇവിടെ പ്രീസ്റ്റ് ഇൻ ചാർജ് ആയി പ്രേഷിതപ്രവർത്തനം ചെയ്യുന്നു. ഞങ്ങൾ രണ്ട് അച്ചന്മാരും എം. എസ്. ജെ സമൂഹത്തിലെ രണ്ട് സിസ്റ്റേഴ്സും ഒരു റീജന്റ് ബ്രദറും ഒരുമിച്ച് സേവനം ചെയ്യുന്നു. 3 വില്ലേജുകളിൽ വിശ്വാസ പരിശീലനവും 8 വില്ലേജുകളിൽ സോഷ്യൽ വർക്കും നടത്തുന്നു. ഞങ്ങളുടെ സ്ഥലത്തിന്റെ പേരുപോലെതന്നെ ഞങ്ങളുടെ മിഷൻ പ്രദേശം ഒരു ഹിന്ദു ട്രബൽ ഏരിയ ആണ്. ഒറീസ്സായിലെ മറ്റ് സ്ഥലങ്ങളിൽ ചെറിയ രീതിയിൽ എങ്കിലും ക്രിസ്ത്യൻ പ്രസൻസ് ഉണ്ട്. എന്നാൽ ഞങ്ങൾ വർക്ക് ചെയ്യുന്ന ഈ സ്ഥലത്ത് യേശുദേവന്റെ വചനം ഞങ്ങളാണ് ആദ്യമായി നേരിട്ട് നല്കുന്നത്. അതിനാൽ തന്നെ അതിയായ സന്തോഷമുണ്ട്. കർത്താവിന്റെ അനുഗ്രഹത്താൽ ഈ കഴിഞ്ഞ മാസം ഞങ്ങൾക്ക് സ്വന്തമായി ഒരു സ്ഥലം വാങ്ങുവാൻ കർത്താവ് കൃപ തന്നു. എല്ലാം അവനിലൂടെ നടക്കുന്നു. അവനാണ് ഞങ്ങളുടെ വഴികാട്ടി.

www.malankaralibrary.com



**4 എസ്. എച്ച് ലക്ഷ്മിപൂർ മിഷനിലെ ജനങ്ങളുടെ വിശ്വാസജീവിതത്തെക്കുറിച്ച് ഒന്ന് വിവരിക്കാമോ?**

ചുരുങ്ങിയ ഈ കാലയളവിൽ 11 ആൾക്കാർക്ക് മാമ്മോദീസാ നല്കി സഭയുടെ മക്കൾ ആക്കി മാറ്റുവാൻ സാധിച്ചു. 30 പേർ അടങ്ങുന്ന ഒരു ചെറിയ സമൂഹം ഇപ്പോൾ ഇവിടെ വിശ്വാസപരിശീലനം നടത്തുന്നുണ്ട്. മറ്റുള്ള ഇടങ്ങളിൽ നിന്ന് നോക്കുമ്പോൾ ഇവിടുത്തെ ജനങ്ങൾ കർത്താവിന്റെ വചനങ്ങൾ കേട്ടാണ് പഠിക്കുന്നത്. ആർക്കും തന്നെ വിദ്യാഭ്യാസം ഇല്ലാത്തതിനാൽ ഞങ്ങളുടെ വിശ്വാസ പരിശീലനരീതി വാമൊഴി ആയിട്ടാണ്. നേരത്തെ പറഞ്ഞതുപോലെ രണ്ട് പള്ളികളിൽ എല്ലാ ഞായറാഴ്ചകളിലും വി.

www.malankaralibrary.com

കുർബാനയും, ബൈബിൾ, കൂദാശ ക്ലാസുകൾ നടത്തുന്നുണ്ട്. കൂടാതെ നിങ്ങളുടെയെല്ലാം സഹായംകൊണ്ട് ഞങ്ങളാൽ ഒതുങ്ങുന്ന വിധത്തിൽ കുറച്ച് കുട്ടികളെ ഹോസ്റ്റലിൽ നിർത്തി വിദ്യാഭ്യാസം നല്കുന്നുണ്ട്. ഹോസ്റ്റൽ സൗകര്യങ്ങളും, സ്കൂൾ ഫെസിലിറ്റിയും ഇല്ലാത്തവർക്കുംവേണ്ടി ട്യൂഷൻ സെന്റർ നടത്തുന്നുണ്ട്. ഏകദേശം 15 ഓളം കുട്ടികൾ ഇൻഫോർമൽ വിദ്യാഭ്യാസം നടത്തുന്നുണ്ട്. നിങ്ങളുടെയും മറ്റു ചില വ്യക്തികളുടെയും സഹായസഹകരണംകൊണ്ടാണ് ഇതെല്ലാം ചെയ്യാൻ സാധിക്കുന്നത്. ഞങ്ങളുടെ ജനങ്ങളുടെ വിശ്വാസജീവിതം ഓരോ ദിവസവും വർദ്ധിച്ചു വരുന്നതായി ഞങ്ങൾക്ക് കാണുവാൻ സാധിക്കുന്നു. പല രീതിയിലുള്ള അവരുടെ ദുശീലങ്ങൾ കർത്താവിനെ സ്വീകരിച്ചത് വഴി അവർ ഉപേക്ഷിച്ചു. എല്ലാറ്റിലും ഉപരി കർത്താവാണ് തങ്ങൾക്ക് പ്രാധാന്യം എന്ന് അവർ മനസ്സിലാക്കുന്നത്. മാമ്മോദീസാ സ്വീകരിച്ചവർ കൃത്യമായ ഇടവേളകളിൽ കുമ്പസാരിച്ചും പാപസാഹചര്യങ്ങളെ മാറ്റി കർത്താവിലേക്ക് കൂടുതൽ അടുക്കുകയും ചെയ്യുന്നുണ്ട്. ഞങ്ങൾക്ക് എല്ലാം നല്കുന്നത് കർത്താവാണ് അതിനാൽ ഒരു വിഹിതം അവന് ഉള്ളതാണ് എന്നതാണ് ഇപ്പോൾ അവർ പറയുന്നത്. പറയുകമാത്രമല്ല അവർക്ക് ഉള്ളതിൽ ഒരുവിഹിതം അവർ കർത്താവിന് നല്കുന്നുമുണ്ട്.

**5. അച്ചന്റെ മിഷൻ പ്രവർത്തനരീതികൾ എങ്ങനെയാണ് ഒന്ന് വിവരിക്കാമോ?**

ഇതിന്റെ ഉത്തരം എന്നത് യാക്കോബ് ശ്ലീഹായുടെ ലേഖനം നാലാം അധ്യായം എട്ടാം തിരുവചനം ആണ് "ദൈവത്തോട് ചേർന്ന് നിൽക്കുവിൻ അവിടുന്ന് നിങ്ങളോട് ചേർന്ന് നിൽക്കും". ഞങ്ങളുടെ മിഷൻ പ്രവർത്തനം എല്ലാം കർത്താവിനോട് ചേർന്ന് നിന്നുള്ളതാണ്. കാരണം ഞങ്ങളുടെ ഒരു ദിവസം ആരംഭിക്കുന്നത് തന്നെ ആരാധനയിലൂടെ ആണ്. ഞങ്ങളുടെ മിഷൻ സ്റ്റേഷൻ ആരംഭിച്ചതു മുതൽ ഓരോ ദിനവും തുടങ്ങുന്നതും അവസാനിക്കുന്നതും ആരാധനയുടെ മുൻപിലാണ്. കർത്താവിൻറെ മുമ്പിൽ ഇരുന്നുകൊണ്ടാണ് ചെയ്യാൻ പോകുന്ന കാര്യങ്ങൾ അവനുമായി ചേർന്നു തീരുമാനിക്കുന്നു. അതിൻറെ പൂർത്തീകരണത്തിനായി പ്രാർത്ഥിക്കുന്നു. ചെയ്ത കാര്യങ്ങൾ അവനോടു വന്നു പറഞ്ഞു അവൻ നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പറയുന്നു. പിന്നെ ഞങ്ങൾ നിസ്വാർത്ഥമായാണ് എല്ലാം ചെയ്യുന്നത്; ഞങ്ങളുടെ ജന

www.malankaralibrary.com



ങ്ങളിൽനിന്ന് ഒന്നും പ്രതീക്ഷിക്കാതെ തന്നെ. അതിനാൽ തന്നെ ഞങ്ങൾ എന്തിനാണ് ഇതെല്ലാം ചെയ്യുന്നത് എന്ന് പല ആൾക്കാർ ഞങ്ങളുടെ വേദപാഠാധ്യാപകരോട് ചോദിക്കുന്നു. അതിനാൽ അവർ നൽകുന്ന മറുപടി എന്നത് അവർ ഈശോയ്ക്ക് വേണ്ടിയാണ് ഇതെല്ലാം ചെയ്യുന്നത് എന്നാണ്. അതിനാൽ തന്നെ അവന്റെ നാമം ഞങ്ങൾ പറഞ്ഞും പറയാതെയും പ്രഘോഷിക്കപ്പെടുന്നു. പിന്നെ യുവജനങ്ങളുമായി നല്ല ബന്ധം പുലർത്തുന്നുണ്ട്. അവരുമായി കായിക വിനോദങ്ങളിൽ ഏർപ്പെടുകയും അതുവഴി നല്ല ബന്ധം സ്ഥാപിച്ചെടുക്കുകയും ചെയ്യുന്നു. വചനം പലരീതിയിൽ പ്രഘോഷിക്കാം. നല്ല ബന്ധങ്ങൾ വഴി അവർക്ക് നല്ല മാർഗ്ഗദീപം ആകുവാൻ സാധിക്കുന്നുണ്ട്. യുവാക്കളെല്ലാം ഇപ്പോൾ യേശു ആരാണ് എന്ന് മനസ്സിലാക്കി തുടങ്ങിയിരിക്കുന്നു. ഞാനല്ല എന്നിലൂടെ കർത്താവാണ് അവരെ നേടി എടുക്കുന്നത് അതിനാൽ തന്നെ അവന്റെ സംരക്ഷണതണലിൽ എന്റെ മിഷൻ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ട് പോകുന്നു.

### 6. ഫെലോഷിപ്പ് അംഗങ്ങളോട് അച്ചന്റെ സന്ദേശം?

"ഒരിക്കലും അറിഞ്ഞിട്ടില്ലാത്തവനെ അവർ ദർശിച്ചക്കും. അവനെകുറിച്ച് കേട്ടിട്ടില്ലാത്തവർ അവനെ മനസ്സിലാക്കും എന്ന് എഴുതപ്പെട്ടിട്ടുണ്ടല്ലോ"(റോമാ 15:21) ഇതാണ് എനിക്ക് നിങ്ങൾക്ക് നല്കാനുള്ളത് നമ്മൾ എല്ലാവരും കർത്താവിനെ അറിഞ്ഞവർ ആണ്. അതിനാൽ അതിൽ ദൃഢമായി വിശ്വസിച്ച് നിങ്ങളുടെ വിശ്വാസജീവിതം മുന്നോട്ട് കൊണ്ടുപോകുകയും ഒപ്പം കർത്താവിനെ അറിയാൻ ആഗ്രഹിക്കുന്ന മക്കൾക്കായി നിങ്ങൾ നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യുക.

www.malankaralibrary.com




**മിഷനെ അറിയുക, മിഷനെ സ്നേഹിക്കുക!**

വി.കൊച്ചുത്രേസ്യായെപ്പോലെ നമുക്കും മിഷനിൽ പോകാതെ മിഷനറിമാരാകാം. സാമ്പത്തികമായി വിഷമിക്കുന്ന മിഷൻ ആരാധനാലയങ്ങളെ സഹായിക്കുവാൻ ഒരു അസുലഭാവസരം! നിലവിലുള്ളതും പുതുതായി ആരംഭിക്കുന്നതുമായ മിഷൻ പ്രദേശങ്ങളിലെ ദൈവാലയങ്ങളിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നതിനാവശ്യമായ കാസ, പീലാസ, സക്രാരി, തക്സ, പ്രഘോഷണ ഗ്രന്ഥങ്ങൾ, ധൂപക്കുറ്റി, തിരുവസ്ത്രങ്ങൾ, വാട്ടർ പ്യൂരിഫയർ എന്നിവ ആവശ്യമുണ്ട്. ഉദാരമതികളുടെ സഹായം തേടുന്നു. തുകയായോ സാധനങ്ങളായോ നൽകാവുന്നതാണ്.

**Bank Details:**
**Account Name: MST Associates**
**Acc. No: 0010-0530-0001-3685**
**South Indian Bank**
**Branch: Bharananganam**
**IFSC CODE: SIBL0000010**
**Kottayam, Kerala-686 578**

www.malankaralibrary.com

Santhome Fellowship Vol. 12 No. 3 October 2022 ₹ 25.00




# ആദരാഞ്ജലികൾ



Rev. Fr Thomas Ayathamattam MST



Rev. Fr John Kadookunnel MST



Rev. Fr Karikilamthadam Joseph MST